# PANCHA DIVYA DESHA DARSAN

# पन्च दिव्या देशा दरशन

**OFFICE: CAMP SHED**
**TRAVANCORE DEVASWAM BOARD**
**KIZHAKKENADA, ARANMULA P. O., PIN: 689533**
**PHONE: 9605431276**



**THRICHITTATT MAHAVISHNU TEMPLE**



**THIRUPPULIYOOR MAHAVISHNU TEMPLE**



**THIRUVARANMULA PARTHASARATHYTEMPLE**



**THIRUVANVANDOOR MAHAVISHNU TEMPLE**



**THRICKODITHANAM MAHAVISHNU TEMPLE**

**തീയതി**..............................................

വൈശാഖമാസാചരണവും അഞ്ചമ്പല ദര്ശനവും മെയ് 1 മുതല് 30 വരെ നടക്കും

പാണ്ഡവീയ മഹാവിഷ്ണുസത്രം തൃപ്പുലിയൂരില്:

ചങ്ങനാശേരി: / ചെങ്ങനൂർ:-

കേരളത്തിലെ പ്രശസ്തമായ പഞ്ചാപാണ്ഡവമഹാക്ഷേത്രങ്ങളായ തൃച്ചിറ്റാറ്റ്, തൃപ്പുലിയൂര്, തിരുവാറന്മൂള, തിരുവന്വണ്ടൂര്, തൃക്കൊടിത്താനം എന്നീ ക്ഷേത്രങ്ങള് കേന്ദ്രീകരിച്ച് വൈശാഖാമാസാചരണവും അഞ്ചമ്പല ദര്ശനവും നടക്കും.

മെയ് 1ന് രാവിലെ വൈശാഖമാസാചരണത്തിന്റെ ഭാഗമായി തൃച്ചിറ്റാറ്റ് മഹാക്ഷേത്രത്തില് നിന്നും രഥഘോഷയാത്ര ആരംഭിക്കും. അഞ്ച് മഹാക്ഷേത്രങ്ങളിലേയും വൈശാഖ മാസാചരണ പരിപാടികൾ തൃച്ചിറ്റാറ്റ് മഹാക്ഷേത്ര സന്നിധിയിൽ ഗോവ ഗവര്ണ്ണർ പി.എസ്. ശ്രീധരന്പിള്ള രാവിലെ 6:30ന്ഉദ്ഘാടനം ചെയ്യും. സുരേഷ്ഗോപി. എം.പി, രഥത്തിലേക്ക് ഭദ്രദീപം പകരും.

തിരുവിതാംകൂര് ദേവസ്വം ബോര്ഡ് പ്രസിഡന്റ് അഡ്വ. അനന്തഗോപന്, ദേവസ്വം ബോര്ഡ് അംഗങ്ങളായ shri PM തങ്കപ്പൻ ,മനോജ് ചരളേൽ,
പഞ്ചപാണ്ഡവ മഹാക്ഷേത്ര ഏ്കോപനസമിതി
ചെയര്മാന് ബി.രാധാകൃഷ്ണമേനോന്, അഞ്ചമ്പല ക്ഷേത്രോപദേശകസമിതി ഭാരവാഹികള്,
ഭക്തജനങ്ങള് തുടങ്ങിയവര് രഥഘോഷയാത്രയില് അണിചേരും.

തിരുവൻവണ്ടൂർ (8 Am)

തൃക്കൊടിത്താനം (9 AM)

ആറന്മുള (10AM)ക്ഷേത്രദർശനശേഷം

തൃപ്പുലിയൂരിൽ 11AM ്രഥയാത്ര എത്തിച്ചേരും

തുടർന്ന് 11.30AM ന് നടക്കുന്ന സമാപനസമ്മേളനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് Adv അനന്തഗോപൻ ഉത്ഘാടം ചെയ്യും. സാസ്കാരികമന്ത്രി സജിചെറിയാൻമുഖ്യ അതിഥിയാവും.

മുൻ ദേവസ്വം ബോർഡ് പ്രസിഡൻ്റ് ശ്രീ. എ) പത്മകുമാർ, ദേവസ്വം ബോർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും ധാരാളം വൈഷ്ണവ ഭക്തര് മെയ് 1 മുതല് 30 വരെ വൈശാഖമാസ കാലത്ത് അഞ്ചമ്പല ദര്ശനം നടത്തും. അഞ്ച് ക്ഷേത്രങ്ങളിലും മെയ് 1 മുതല് 30 വരെ നാരായണീയ പാരായണവും ഉച്ചയ്ക്ക് അന്നദാനവും സപ്താഹങ്ങൾക്ക്ഒപ്പം .ക്ഷേത്രകലാ പ്രകടനങ്ങളും നടക്കും.

-----..... - ---

പാണ്ഡവീയ മഹാവിഷ്ണുസത്രം തൃപ്പുലിയൂരില്:

---- --

വൈശാഖമാസാചരണത്തിന്റെ ഭാഗമായി നടത്തിവരുന്ന രണ്ടാമത് അഖില ഭാരത പാണ്ഡവീയ മഹാവിഷ്ണുസത്രം മെയ് 22 മുതല് 29 വരെ തൃപ്പുലിയൂര് മഹാക്ഷേത്രത്തില് നടക്കും. കോവിഡ് മഹാമാരി മൂലം കഴിഞ്ഞ 2 വര്ഷമായി നടത്താന് കഴിഞ്ഞിരുന്നില്ല.

മുംബൈ ചന്ദ്രശേഖരശര്മ്മ യഞ്ജ ആചാര്യനായുള്ള മഹാവിഷ്ണുസത്രത്തില്| ഒട്ടേറെ പ്രശസ്തരായ പ്രതിഭകള് പങ്കെടുക്കുന്ന പ്രഭാഷണങ്ങള്, കലാപരിപാടികള്,

സമ്മേളനങ്ങൾ നാരായണീയ പാരായണം എന്നിവ നടക്കും. സത്രത്തിനുള്ള ഒരുക്കങ്ങള് ആരംഭിച്ചതായി|

കണ്വീനര് പ്രസാദ് കളത്തൂര് അറിയിച്ചു.

B Radhakrishna Menon

Chairman Sathra Samathy